# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4037 — 03.02.2014-ൽ മറുപടിക്ക്

## നവജാതശിശുക്കളുടെ ഭക്ഷണരീതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ :<br>,, പി. ഉബൈദുള്ള :<br>,, എൻ. എ. നെല്ലിക്കുന്ന് :<br>,, കെ. എൻ. എ. ഖാദർ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നവജാതശിശുക്കളുടെ ഭക്ഷണ കാര്യത്തിൽ അമ്മമാർക്ക് ആവശ്യമായ അവബോധം നൽകാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ് ; | (എ) സംസ്ഥാന പോഷകാഹാര കാര്യാലയത്തിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യ വകുപ്പിലെ ഫീൽഡ് വിഭാഗം ഉദ്യോഗസ്ഥർ, ഐ.സി.ഡി.എസ് ഉദ്യോഗസ്ഥർ തുടങ്ങിയവർക്കായി പോഷകപ്രദമായ ആഹാരത്തെക്കുറിച്ചും, പോഷകഗുണം നഷ്ടപ്പെടാതെയുള്ള പാചകരീതികളെക്കുറിച്ചും, പോഷകമൂല്യങ്ങൾ കുറഞ്ഞാൽ കുഞ്ഞുങ്ങൾക്കുണ്ടാവുന്ന ദോഷങ്ങളെക്കുറിച്ചും മറ്റുമുള്ള വിവിധയിനം ട്രെയിനേഴ്സ് ട്രെയിനിംഗ് പ്രോഗ്രാമുകൾ നടത്തി വരുന്നുണ്ട്. ഈ ഉദ്യോഗസ്ഥർ വഴി ഈ അറിവ് അമ്മമാരിലും മറ്റാളുകളിലും എത്തുന്നുണ്ട്. |
| (ബി) ശിശുക്കൾക്ക് വേണ്ടിയുള്ള ടിൻ ഭക്ഷണങ്ങൾ വിപണി കൈയടക്കിയിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) ശിശുക്കളേയും കുട്ടികളേയും ലക്ഷ്യം വച്ച് ധാരാളം ടിൻ ഭക്ഷണസാധനങ്ങൾ വിപണിയിൽ വ്യാപകമായി എത്തിക്കൊണ്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.ദൃശ്യമാധ്യമങ്ങളിലൂടെ പരസ്യങ്ങൾ വഴിയാണ് ടിൻ ഫുഡ് വിപണനം വർദ്ധിക്കുന്നത്. |
| (സി) ടിൻ ഭക്ഷണവും അമിതഭക്ഷണവും മൂലമുള്ള രോഗങ്ങൾ കുഞ്ഞുങ്ങളിൽ വ്യാപകമാകുന്നു എന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ കൂടുതൽ പഠനം നടത്താൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ ; വിശദമാക്കാമോ ? | (സി) ഇത്തരം റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പഠനം നടത്തുന്ന കാര്യം ഇപ്പോൾ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ